## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നം.4731 — 22/03/2018 ൽ മറുപടിക്ക്

### മുള വ്യവസായം

**ചോദ്യം**
ശ്രീ. എം.സ്വരാജ്

**ഉത്തരം**
ശ്രീ.എ.സി.മൊയ്തീൻ
(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പരമ്പരാഗത വ്യവസായ മേഖലകളിലൊന്നായ മുള കൊണ്ട് വിവിധ ഉത്പന്നങ്ങൾ നിർമ്മിക്കുന്ന മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കുമോ; | (എ) | പരമ്പരാഗത വ്യവസായ മേഖലകളിലൊന്നായ മുള കൊണ്ട് വിവിധ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന ബാംബൂ കോർപറേഷൻ, കേരളസംസ്ഥാന ബാംബൂ മിഷൻ എന്നിവയുടെ നേതൃത്വത്തിൽ വിവിധ പദ്ധതികൾ സർക്കാർ സഹായത്തോടെ ആവിഷ്കരിച്ച നടപ്പിലാക്കി വരുന്നു.<br>മുളയിൽ നിന്നും പരിസ്ഥിതി സൗഹൃദ ഉല്പന്നമായ ബാംബൂ ഫ്ലോറിംഗ് ടൈൽസ് ഉല്പാദിപ്പിക്കുന്നതിനായി ബാംബൂ കോർപ്പറേഷൻ 2011 ൽ കോഴിക്കോട് ജില്ലയിലെ നല്ലളത്ത് ഹൈടെക് ബാംബൂ ഫ്ലോറിംഗ് ടൈൽസ് ഫാക്ടറി സ്ഥാപിച്ച് പ്രവർത്തനം നടത്തി വരുന്നു. പാലക്കാട് ജില്ലയിലെ തെങ്കരിശ്ശി പഞ്ചായത്തിൽ ഗ്രാമ പഞ്ചായത്തുമായി സഹകരിച്ച് തുടങ്ങിയ ഫീഡർ യൂണിറ്റിൽ നിന്ന് ബാംബൂ കർട്ടനുകൾ, ടൂത്ത് പിക്ക്, കർട്ടൻ ബ്ലിൻഡ്സ്, ഇൻസെൻസ് സ്റ്റിക്സ്, ബാംബൂ സ്ലിപ്പ് തുടങ്ങിയ മൂല്യാധിഷ്ഠിത ഉല്പന്നങ്ങളുടെ നിർമ്മാണം ആരംഭിക്കാൻ വേണ്ട നടപടികൾ ബാംബൂ കോർപ്പറേഷൻ സ്വീകരിച്ചിട്ടുണ്ട്. മുള കൊണ്ട് വിവിധ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ ഉല്പന്നങ്ങളായ ബാംബൂ കൊറഗേറ്റഡ് ഷീറ്റ്, ബാംബൂ ലോഗ്, ചന്ദനത്തിരി സ്റ്റിക്ക് തുടങ്ങിയവ നിർമ്മിക്കുന്നതിനായ പദ്ധതികൾ ബാംബൂ കോർപറേഷന്റെ പരിഗണനയിലുണ്ട്. മുള ഉപയോഗിച്ച് വനം വകുപ്പ്, കെ.ടി.ഡി.സി, |

| | | | |
|---|---|---|---|
| | | | ഫിഷറീസ് യൂണിവേഴ്സിറ്റി എന്നീ സ്ഥലങ്ങളിൽ ഇക്കോ ഹബ്, ഹട്ടുകൾ, ബാംബൂ ഫർണിച്ചറുകൾ മറ്റ് ഉല്പന്നങ്ങൾ നിർമ്മിച്ച് വരുന്നു. മുള കൊണ്ട് വിവിധ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി, മുള കൊണ്ട് കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിന് ബാംബൂ കോർപ്പറേഷൻ മുഖേന എകദേശം 100 പേർക്ക് പരിശീലനം നൽകി സ്വയം തൊഴിലിനുള്ള അവസരം ഉണ്ടാക്കിയിട്ടുണ്ട്.<br>കൂടാതെ കേരള സംസ്ഥാന ബാംബൂ മിഷൻ കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന്റെ പരിസരത്ത് മുള മേഖലയിലെ കരകൗശലക്കാർക്ക് വേണ്ടിയുള്ള സാങ്കേതികവും, വ്യാവസായികവുമായ അറിവുകൾ നൽകുന്നതിനായുള്ള ഒരു റിസോഴ്സ് സെന്റർ എന്ന നിലയിൽ ബാംബൂ ഇന്നവേഷൻ സെന്റർ രൂപീകരിച്ചിട്ടുണ്ട്. കരകൗശലക്കാർക്ക് സംസ്കരിച്ച മുള ലഭ്യമാക്കുന്നതിനു വേണ്ടി കേരള സംസ്ഥാന ബാംബൂ മിഷനും, കേരള സംസ്ഥാന ബാംബൂ കോർപറേഷനുമായി ചേർന്ന് ഒരു ബാംബൂ സപ്ലൈ ചെയിൻ രൂപീകരിച്ചു വരുന്നു. ഈ പദ്ധതി രണ്ട് ഘട്ടങ്ങളിലായിട്ടാണ് നടപ്പിലാക്കുന്നത്. പദ്ധതിയിൽ ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ നിർമ്മാണവും ഡിപ്പോകളുടെ വികസനവുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ ആദ്യ ഘട്ടമായി സംസ്കരിച്ച മുള വിതരണം ചെയ്യുന്നതിനായി ബാംബൂ കോർപ്പറേഷൻ മുഖേന കോഴിക്കോട് സംസ്കരണ യൂണിറ്റ് സ്ഥാപിക്കുകയും ബാംബൂ കോർപ്പറേഷന്റെ 4 ഡിപ്പോകളുടെ വിപുലീകരണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ രണ്ടാം ഘട്ടമായി കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ മുഖേന അങ്കമാലിയിൽ ഒരു സംസ്കരണ യൂണിറ്റ് കൂടി നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കൂടാതെ അസംസ്കൃത മുളയിൽ നിന്നും ഈറ്റയിൽ നിന്നും വിവിധ ഉല്പന്നങ്ങൾ വ്യവസായികാടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിനു പ്രോത്സാഹനം നൽകുക, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണത്തിന് ആധുനിക സാങ്കേതിക സഹായം നൽകുക |

| | | | |
|---|---|---|---|
| | | | മുള, ഈറ, ചൂരൽ എന്നിവയെ അടിസ്ഥാനമാക്കിയുള്ള വ്യവസായത്തെ പരിപോഷിപ്പിക്കുക, വീട്ടു നിർമ്മാണത്തിനും ഫർണിച്ചർ ഉണ്ടാക്കുന്നതിനും മറ്റ് ഉല്പന്നങ്ങൾക്കുമുള്ള മുളയുടെ ഉപയോഗം വർദ്ധിപ്പിക്കുക, മരത്തിനു പകരം മുള എന്ന സമീപനത്തെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വ്യാപകമായി മുള വച്ചു പിടിപ്പിക്കുക തുടങ്ങിയ പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള കരട് വ്യവസായ വാണിജ്യ നയരേഖ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിന് പ്രത്യേകമായ വിൽപ്പന മേളകൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | മുള മേഖലയിലെ വിപണന വികസനത്തിനും മുള ഉല്പന്നങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ ബോധവല്ക്കരണം നടത്തുന്നതിനും മറ്റ് സംസ്ഥാനങ്ങളിലെ കരകൗശല വിദഗ്ധരും കേരളത്തിൽ സമാന മേഖലയിൽ പ്രവർത്തിക്കുന്നവരും തമ്മിൽ ആശയ വിനിമയം നടത്തുന്നതിനുമുള്ള വേദി എന്ന നിലയിൽ കേരള സംസ്ഥാന ബാംബൂ മിഷൻ 2004 മുതൽ എല്ലാ വർഷവും കേരള ബാംബൂ ഫെസ്റ്റ് നടത്തി വരുന്നുണ്ട്. കൂടാതെ കേരളത്തിനകത്തും മറ്റ് സംസ്ഥാനങ്ങളിലും മുള മേഖലയുമായി ബന്ധപ്പെട്ട് സംഘടിപ്പിക്കാറുള്ള മേളകളിൽ പ്രതിനിധികളെ കേരള സംസ്ഥാന ബാംബൂ മിഷൻ പങ്കെടുപ്പിച്ച് വരുന്നുണ്ട്. ഡൽഹിയിൽ നടന്ന കൃഷി ഉന്നതി മേളയിലും ബാംബൂ കോർപ്പറേഷൻ പങ്കെടുത്ത് ബാംബൂ ഉല്പന്നങ്ങൾക്ക് നല്ല ഓർഡറുകൾ ലഭ്യമാക്കിയിട്ടുണ്ട്. കേരളത്തിനകത്ത് സംഘടിപ്പിച്ച് വരുന്ന കൃഷി ഉന്നതി മേള 2018, കേരള ബാംബൂ ഫെസ്റ്റ്, പ്രാദേശികമായി മറ്റ് സംഘടനകൾ സംഘടിപ്പിക്കുന്ന മേളകൾ എന്നിവയിൽ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷനും പങ്കെടുത്ത് ഉല്പന്നങ്ങൾ വിറ്റഴിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**